CHURCH WEEKLY

April 2021

THE ALWAYE FELLOWSHIP HOUSE
REMAIN IN MY LOVE

An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

Church Weekly

Vol. 75
Issue 4
April 2021

Sri K.C. Chacko
Founder of the Church Weekly
(1946)



An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

75th Year of Publication
FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

CHURCH WEEKLY

C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mgk.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

Inside India	
Single Issue	₹ 15.00
Annual	₹ 120.00
10 years	₹ 1,000.00
Life (Patron)	₹ 10,000.00
Outside India	
Annual	USD 10
10 years	USD 100
Life (Patron)	USD 1,000


- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...

മഹദ്വചനം

Art is a lie
that makes us realize truth

Pablo Picasso
Born : 25 October 1881
Died : 8 April 1973



ഈ ലക്കത്തിൽ

CHURCH WEEKLY PATRON SUBSCRIBER



SATISH ABRAHAM PADINJAREKARA

Church Weekly honours Sri. Satish Abraham Padinjarekara, Kottayam, as a Patron Subscriber.

'Patron Subscribership' is a scheme to strengthen the support base of the magazine. Satish Abraham is a member of the Alwaye Fellowship House Association. We thank him for extending his support to Church Weekly.

(Mr. Babu V. Mathew, member of the Fellowship House Association and Council, is the first patron subscriber).

- Chief Editor

Statement about Ownership and Particulars about Church Weekly (See Rule 8)

1.	Place of Publication	:	Alwaye Fellowship House
2.	Periodicity of its publication	:	Monthly
3.	Printer's Name	:	Kuruvilla M. George
	Nationality	:	Indian
	Address	:	The Alwaye Fellowship House, U.C College P.O, Aluva –683102.
4.	Publisher's Name	:	Kuruvilla M. George
	Nationality	:	Indian
	Address	:	The Alwaye Fellowship House, U. C College P.O, Aluva –683102.
5.	Editor's Name	:	Kuruvilla M. George
	Nationality	:	Indian
	Address	:	The Alwaye Fellowship House, U.C College P.O, Aluva –683102.
6.	Name and address of individuals who own the newspaper and partners or shareholders holding more than 1% of the total capital	:	The Alwaye Fellowship House Association

I, Kuruvilla M. George, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Kuruvilla M. George (Printer & Publisher)

• മുഖമൊഴി •

ശതാബ്ദി നിറവിൽ ആലുവ യു.സി. കോളജ്



ആലുവ പ്രദേശത്തിന്റെ തിലകക്കുറിയായ യൂണിയൻ ക്രിസ്ത്യൻ കോളജ് സ്ഥാപിതമായിട്ട് നൂറു വർഷം തികയുന്നു. തത്സംബന്ധമായി ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികൾ 2021 മാർച്ച് 29-ന് ആരംഭിച്ചിരിക്കുകയാണ്. 1921-ൽ കെ.സി. ചാക്കോ, വി.എം. ഇട്ട്യേരാ, എ.എം. വർക്കി, സി.പി. മാത്യു എന്നീ നാല് സുഹൃത്തുക്കളുടെ ദീർഘവീക്ഷണത്തിന്റെയും ദേശസ്നേഹത്തിന്റെയും, അതിലുപരി, അടിയുറച്ച ദൈവാശ്രയത്തിന്റെയും ഫലമായിട്ടാണ് ഈ കലാലയം സ്ഥാപിതമായത്. "ഞാൻ ആലുവ യു.സി. കോളജിലാണ് പഠിച്ചത്" എന്ന് അഭിമാനത്തോടെ പറയുന്ന അനേകം പൂർവ്വവിദ്യാർത്ഥികൾ ലോകമെമ്പാടുമുണ്ട് എന്നുള്ളതാണ് യു.സി. കോളജിന്റെ യഥാർത്ഥ സമ്പത്ത്!

1922-ൽ കോളജ് സന്ദർശിച്ച മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ ദീപ്തസ്മരണകളുയർത്തുന്ന 'ടാഗോർ ഗേറ്റും' 'ടാഗോർ ഹാളും', രാഷ്ട്രപിതാവായ മഹാത്മാഗാന്ധി 1925-ൽ നട്ട 'ഗാന്ധിമാവും', ഇന്ത്യൻ പ്രസിഡണ്ടായിരുന്ന അബ്ദുൽ കലാം 2010-ൽ നട്ട 'അശോകമരവും' ഒക്കെ മതസ്ഥാപനങ്ങൾക്ക് മതേതരത്വത്തിന്റെ മഹനീയ മാതൃകയായ യു.സി. കോളജിന്റെ മൂല്യവും മഹാരഥന്മാർ നൽകിയ അംഗീകാരവും തലമുറകളോടു വിളിച്ചുപറയുന്നു. ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോഴാണ് അതിന്റെ മഹാത്മ്യം തെളിഞ്ഞുവരുന്നത്. വിദ്യാഭ്യാസവൈരികളായ വ്യക്തികൾവരെ സ്കൂളുകളും കോളജുകളും ആരംഭിക്കുന്നത് കച്ചവടമനോഭാവത്തോടെയാണ്. ഒരു കാലത്ത്, വേദപഠനത്തോടൊപ്പം പൊതുവിദ്യാഭ്യാസത്തിനും ക്രൈസ്തവസഭകൾ പ്രാധാന്യം കൊടുത്തിരുന്നു. അതുകൊണ്ടാണ് പള്ളികളോടു ചേർന്ന് പള്ളിക്കൂടങ്ങൾ ഉയർന്നുവന്നത്; അതുകണ്ടാണ് ഇതരസമുദായങ്ങൾ ആധുനികവിദ്യാഭ്യാസരംഗത്തേക്ക് കടന്നുവന്നതും. എന്നാൽ ക്രിസ്തുവിന്റെ സ്നേഹത്തെപ്പറ്റി പ്രസംഗിക്കുകയും തമ്മിൽ കുരിശുയുദ്ധം നടത്തുകയും ചെയ്തിരുന്ന വ്യത്യസ്ത ക്രൈസ്തവ വിഭാഗങ്ങൾ ഒരുമിച്ചു വന്നപ്പോളാണ് "യൂണിയൻ ക്രിസ്ത്യൻ കോളജ്" ഒരു അത്ഭുതമായി അവതരിച്ചത്.

"യൂണിയൻ ക്രിസ്ത്യൻ കോളജ്" എന്ന നാമധേയത്തിൽ അഗാധമായ ചില സത്യങ്ങൾ ഒളിഞ്ഞിരിക്കുന്നു. ക്രൈസ്തവസഭകളുടെ കൂടിവരവിനാണ് പ്രാധാന്യമെങ്കിൽ "ക്രിസ്ത്യൻ യൂണിയൻ" എന്നല്ലേ വേണ്ടത്? പക്ഷേ അതിനേക്കാൾ ഗഹനമായ അർത്ഥമാണ് ആ പേരിനുള്ളത്. ഒരുവശത്ത് ക്രൈസ്തവസഭകളുടെ യൂണിയനും (ഐക്യം) മറുവശത്ത് തത്ഫലമായി "ക്രിസ്ത്യൻ" സ്വഭാവമുള്ള ഒരു കോളജും! ഇന്നു തിരിഞ്ഞു നോക്കുമ്പോൾ സ്ഥാപകനേതാക്കളുടെ ക്രിസ്തീയദർശനം കൂടുതൽ കൂടുതൽ വ്യക്തമായി വരുന്നു. പുരോഗതിയുടെ നൂറു വർഷം പിന്നിടുന്ന ഈ വേളയിൽ, "ക്രിസ്ത്യൻ" സ്വഭാവം നിലനിർത്തുവാനും വിദ്യാർത്ഥികൾക്ക് അത് അനുഭവവേദ്യമാക്കുവാനും തങ്ങൾക്കു കഴിയുന്നുണ്ടോ എന്ന് ഇന്നത്തെ ഭാരവാഹികളും ചുമതലക്കാരും ശ്രദ്ധിക്കുന്നത് സമുചിതമായിരിക്കും. "അടി തെറ്റിയാൽ ആനയും വീഴും" എന്നു പഴമക്കാർ പറയാറുണ്ടല്ലോ; "അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ നീതിമാൻ എന്തു ചെയ്യും?" എന്ന് സങ്കീർത്തനക്കാരനും! (11:3).

വീണ്ടും സ്ഥാപകനേതാക്കളിലേക്കു ചിന്ത തിരിയുകയാണ്. ഇന്നും തല ഉയർത്തി നിൽക്കുന്ന മദ്രാസ് ക്രിസ്ത്യൻ കോളജിൽ വിദ്യാർത്ഥികളായും അദ്ധ്യാപകരായും കഴിഞ്ഞിരുന്ന നാലു മലയാളി സുഹൃത്തുക്കൾ നാടിനോടുള്ള സ്നേഹവും ഇവിടത്തെ വരുംതലമുറയോടുള്ള പ്രതിബദ്ധതയും മുൻനിർത്തി സ്വന്തനാട്ടിലേക്കു മടങ്ങിവന്ന് ഈ കോളജ് ആരംഭിച്ചത് അവരുടെ ഉപജീവനത്തിനോ സാമ്പത്തിക നേട്ടത്തിനോ ആയിരുന്നില്ല; പ്രത്യുത, കേരളത്തിലെ യുവതലമുറയെ സമൂഹത്തിന്റെ മുൻപന്തിയിലേക്കു കൊണ്ടുവരുന്നതിന് വിദ്യാഭ്യാസത്തിന്റെ, പ്രത്യേകിച്ച്, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആവശ്യകത മുന്നിൽ കണ്ടുകൊണ്ടാണ്.

"നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു; മലമേലിരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല" എന്ന വേദവചനം (മത്തായി 5:14) അന്വർത്ഥമാക്കിയ സാമൂഹ്യനേതൃത്വമാണ് സ്ഥാപകനേതാക്കൾ ആലുവ പ്രദേശത്തിനു നൽകിയത്. അതിൽ അവരുടെ പ്രാർത്ഥനാപൂർവ്വമായ ആഗ്രഹം നൂറു ശതമാനം വിജയിച്ചുവെന്ന് ലോകത്തിന്റെ നാനാഭാഗത്തും ഉന്നതശ്രേണികളിൽ വിരാജിക്കുന്ന പൂർവ്വവിദ്യാർത്ഥികൾ സാക്ഷിക്കുന്നു.

കോളജിന്റെ സ്ഥാപകനേതാക്കളിൽ പ്രമുഖനായിരുന്ന കെ.സി. ചാക്കോ, തന്റെ ഔദ്യോഗികജീവിതത്തിൽ നിന്നു വിരമിച്ചശേഷം താമസിച്ചിരുന്ന സ്ഥലമാണ് ഇപ്പോൾ ആലുവ ഫെലോഷിപ്പ് ഹൗസും അനുബന്ധ സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്ന ചാക്കോ ഗാർഡൻസ്. ജാതിമതചിന്തകൾക്കതീതമായി എല്ലാവർക്കും ഒരുമിച്ചു കൂടാവുന്ന ഒരു ധ്യാനകേന്ദ്രം ഒരുക്കണമെന്ന ചാക്കോസാറിന്റെ സ്വപ്നം സാക്ഷാൽക്കരിക്കുന്നതിനായി അദ്ദേഹത്തിന്റെ ശിഷ്യന്മാരും സുഹൃത്തുക്കളും രൂപംകൊടുത്ത "ഫ്രണ്ട്സ് ഓഫ് ദി ഫെലോഷിപ്പ് ഹൗസ്" എന്ന സുഹൃത്സംഗമമാണ് കാലക്രമത്തിൽ "ആലുവ ഫെലോഷിപ്പ് ഹൗസായി" മാറിയത്.

കോളജ് നൂറാം ജന്മദിനം ആഘോഷിക്കുമ്പോൾ, തന്റെ നൂറാം ജന്മദിനവും പിന്നിട്ട് ഇന്നും കേരളത്തിലെ സഭാസാമൂഹ്യരംഗങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ഒരു പൂർവ്വവിദ്യാർത്ഥിയെ പ്രത്യേകം ഓർമ്മിക്കുന്നു - ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ തിരുമേനി.

ആലുവ ഫെലോഷിപ്പ് ഹൗസ് ഏർപ്പെടുത്തിയ കെ.സി. ചാക്കോ മെമ്മോറിയൽ എക്യുമെനിക്കൽ അവാർഡ് (2014) സ്വീകരിക്കുവാൻ വന്ന തിരുമേനി, "ഇത് എന്റെ ഗുരുനാഥൻ കെ.സി. ചാക്കോയുടെ പേരിലുള്ള അവാർഡായതുകൊണ്ടാണ് അനാരോഗ്യം വകവെക്കാതെ ഞാൻ നേരിട്ടെത്തിയത്" എന്ന് പറയുകയുണ്ടായി. "ഒരു അയ്മേനി ആയിരിക്കെ മലങ്കരസഭയിലെ മെത്രാൻ സ്ഥാനത്തേക്ക് നേരിട്ട് നാമനിർദ്ദേശം ചെയ്യപ്പെട്ട ചാക്കോസാർ ജീവിച്ചിരുന്നപ്പോൾത്തന്നെ ഒരു വിശുദ്ധനായി കരുതപ്പെട്ടിരുന്നു" എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചിരസ്മരണീയനായ കെ.സി. ചാക്കോയെപ്പോലെയുള്ള മഹദ്വ്യക്തികൾ അടിത്തറ പാകിയ യു.സി. കോളജ് രാഷ്ട്രീയ, സാമൂഹ്യവെല്ലുവിളികൾ അതിജീവിച്ച് ദീർഘകാലം തിളങ്ങി നിൽക്കട്ടെ.

'കാലാവസ്ഥാ വ്യതിയാനങ്ങൾ' നേരിട്ട്, നൂറുമേനി വിളവു നൽകിയ യു.സി. കോളജിന്റെ പശ്ചാത്തലത്തിൽ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെപ്പറ്റി കാതലായ ചില ചിന്തകൾ ഉയർന്നു വരുന്നു. 1921-ലെ ചുറ്റുപാടിൽനിന്ന് കാലോചിതമായ മാറ്റങ്ങൾ വരേണ്ടത് ആവശ്യമാണ് എന്നിരിക്കിലും അടിസ്ഥാനപരമായ വ്യത്യാസങ്ങൾ നല്ലതാണോ എന്നത് ചിന്തനീയമാണ്. നാടോടുമ്പോൾ നടുവെ ഓടണമെന്ന പഴമൊഴി ഇന്നും നിലവിലുണ്ടെങ്കിലും വീഴാതെ ഓടേണ്ടത് ഓട്ടക്കാരുടെ ഉത്തരവാദിത്തമാണ്. മറ്റൊന്ന്, കലാലയങ്ങളിലെ രാഷ്ട്രീയ അതിപ്രസരമാണ്. കലാലയങ്ങൾ സാമൂഹ്യജീവിതത്തിന്റെ ഉൾത്തുടിപ്പുകൾ ഉൾക്കൊള്ളേണ്ടതുണ്ട്; എങ്കിലും കലാലയജീവിതം ഇന്നു കാണുന്ന രാഷ്ട്രീയാഭാസങ്ങൾക്ക് വേദിയാകുന്നത് വിദ്യാർത്ഥികളുടെ ഭാവിയ്ക്കു നല്ലതല്ല. വിവേചനാബുദ്ധി ശക്തിപ്പെടുന്നതിനു മുമ്പുതന്നെ വിദ്യാർത്ഥികളെ രാഷ്ട്രീയാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് തങ്ങളുടെ ചട്ടുകങ്ങളും പിന്നെ രക്തസാക്ഷികളുമാക്കി മാറ്റുന്ന നേതാക്കന്മാർ സ്വന്തം വളർച്ചയ്ക്കു മാത്രമാണ് പ്രാധാന്യം കൊടുക്കുന്നത്. അധികാരത്തിന്റെ അപ്പക്കഷണങ്ങൾക്കു മുന്നിൽ ഇടതുവലതു കൈകൾ തമ്മിൽ ഒരു വ്യത്യാസവുമില്ലെന്ന് പാവം വിദ്യാർത്ഥികൾ തിരിച്ചറിയുമ്പോഴേക്കും വളരെ വൈകിയിരിക്കും. രാഷ്ട്രീയപ്പാർട്ടികൾ വിദ്യാർത്ഥിവിഭാഗങ്ങളുണ്ടാക്കണം; പക്ഷേ, അവയുടെ പ്രവർത്തനം കാമ്പസിനു വെളിയിൽ ആയിരിക്കണം. കലാലയങ്ങൾ വിദ്യാഭ്യാസത്തിനും രാഷ്ട്രീയേതരസാമൂഹ്യജീവിതത്തിനും ഊന്നൽ കൊടുത്താൽ വിദ്യാർത്ഥികളുടെ ഭാവി ഭാസുരമാക്കാൻ കഴിയുമായിരുന്നു.

ഒരുമിച്ചുള്ള പ്രവർത്തനങ്ങളിൽ ആനന്ദം കണ്ടെത്തുന്നവരാണ് വിദ്യാർത്ഥികളെന്ന് ഈ ശതാബ്ദിവേളയിൽ ചിത്രാലംകൃതമാക്കിയിരിക്കുന്ന യു.സി. കോളജ് മതിലുകൾ ഉദ്ഘോഷിക്കുന്നു. കലാപരിപാടികളിലും കാർഷിക സംരംഭങ്ങളിലും കായികവേദികളിലുമെല്ലാം തോളോടുതോൾ ചേർന്നു നിൽക്കുവാനും പരസ്പരം പ്രോത്സാഹിപ്പിക്കുവാനും വിദ്യാർത്ഥിസമൂഹത്തിനു കഴിയുമ്പോൾ അവരുടെ ഇടയിലേക്ക് തങ്ങളുടെ ചാരന്മാരെ അഴിച്ചുവിട്ട് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിൽനിന്ന് സ്വാർത്ഥതാൽപര്യക്കാർ പിൻവാങ്ങിയാൽ വിദ്യാർത്ഥിജീവിതം സ്മരണീയമാകും. ഇന്ന് കലാലയഭരണസമിതികൾ പോലും രാഷ്ട്രീയത്തിന്റെ പിടിയിലും കച്ചവടമനഃസ്ഥിതിയിലുമാണ് പ്രവർത്തിക്കുന്നത്. ഇതിനൊരു മാറ്റം വരുവാൻ ഐക്യത്തിന്റെയും (Union) ക്രിസ്തീയതയുടെയും (Christian) പ്രതീകമായി, നാടിന്റെ അഭിമാനമായി, മാർഗ്ഗദീപമായി യു.സി. കോളജ് ശതാബ്ദങ്ങൾ നിലനിൽക്കട്ടെ എന്ന് ഈ ശതാബ്ദി വേളയിൽ ആശംസിക്കുന്നു. ◎

ചരിത്രജാലകം

ഡോ. ടിൻസി അനിൽ



"യു. സി." – ചരിത്രവഴികളിലൂടെ ഒരു തിരിഞ്ഞുനോട്ടം

1920കൾ - മഹാത്മാ ഗാന്ധിയുടെ വരവോടെ ഇന്ത്യൻ സ്വാതന്ത്ര്യ സമരം പുതിയ വഴികളിലൂടെ പ്രയാണം ആരംഭിച്ച കാലം. ഈ സമയത്തു തന്നെയാണ് ശ്രീ കെ. സി. ചാക്കോ, ശ്രീ എ.എം. വർക്കി, ശ്രീ വി. എം. ഇട്ടിയേരാ, ശ്രീ സി. പി. മാത്യു എന്നീ നാല് ചെറുപ്പക്കാർ മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് പഠനം പൂർത്തിയാക്കി അവിടെത്തന്നെ അധ്യാപകരായി ജോലി ലഭിച്ചിട്ടും തങ്ങളുടെ സ്വപ്നങ്ങൾക്ക് പിറകെ അവിരാമം സഞ്ചരിക്കാൻ തീരുമാനിച്ചതും അതിനായി ജോലി ഉപേക്ഷിച്ച് കേരളത്തിലേക്ക് വന്നതും.

മലങ്കര ഓർത്തഡോക്സ് സിറിയൻ, മലങ്കര മാർത്തോമ്മാ സിറിയൻ, ആംഗ്ലിക്കൻ എന്നീ മൂന്നു തദ്ദേശിയ സഭകളിൽപെട്ട ഇവർ തങ്ങൾക്കു ലഭിച്ച വിദ്യാഭ്യാസവും, മൂല്യ ബോധവും, തലമുറകൾക്കു പകരാൻ കണ്ടെത്തിയ മാർഗ്ഗം ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ രൂപീകരണം ആയിരുന്നു. അതിനായി അവർ ആദ്യം തിരുവല്ലയിൽ ചെന്നെത്തി. എന്നാൽ അവിടെ അവരുടെ മനസ്സുറച്ചില്ല. അവിടെ കാണുവാൻ സാധിക്കാതെ പോയ ദൈവാനുഗ്രഹം അവർ കണ്ടെത്തിയത് ആലുവാപ്പുഴയുടെ തീരത്തുള്ള ഈ ഹരിത ഭൂമികയിൽ ആയിരുന്നു. ഭാരതീയ ക്രൈസ്തവ സഭകളുടെ പിന്തുണയും പിൻബലവും അവർക്കു സഹായകമായി വർത്തിച്ചു.

ഉറച്ച ദൈവവിശ്വാസവും, ആത്മവിശ്വാസവും, വിദ്യാഭ്യാസത്തോടുള്ള സമർപ്പണവും, വിദൂര വീക്ഷണവും, വിചാര തീക്ഷ്ണതയും കൈമുതലാക്കിയാണ് അവർ ആലുവയിലെ ഈ കുന്നുംപുറത്തെത്തിയത്. അടുത്തുള്ള മംഗലപ്പുഴ സെമിനാരിയിലെ ഒരു ചെറിയ കെട്ടിടത്തിൽ 1921 ജൂൺ എട്ടിന് കോളജ് പ്രവർത്തനം ആരംഭിച്ചു. അഞ്ച് അദ്ധ്യാപകരും 64 വിദ്യാർത്ഥികളുമുള്ള ജൂനിയർ കോളജ് ആയി മദ്രാസ് സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തനം തുടങ്ങുമ്പോൾ, ഇന്ത്യയിൽത്തന്നെ തദ്ദേശീയ ക്രൈസ്തവർ തുടങ്ങുന്ന ആദ്യത്തെ കലാലയമായിരുന്നു ഇത്. സ്ഥാപകപിതാക്കന്മാരുടെ ഉദ്ദേശ്യശുദ്ധിയും ആത്മാർത്ഥതയും തിരിച്ചറിഞ്ഞ തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാൾ രാമവർമ്മ, കുന്നുംപുറത്ത് ഉപയോഗിക്കാതെ കിടന്നിരുന്ന പഴയ കച്ചേരി കെട്ടിടവും ചേർന്നുള്ള 18 ഏക്കർ സ്ഥലവും കോളജിനായി വിട്ടു കൊടുത്തു. 1921 സെപ്റ്റംബറിൽ കോളജ് ഇവിടെ പ്രവർത്തനം ആരംഭിച്ചു.

ഭാരതീയ ഗുരുകുല വിദ്യാഭ്യാസത്തെ സ്വാംശീകരിച്ച പൂർവ്വപിതാക്കൾ പൂർണ്ണമായും റെസിഡൻഷ്യൽ മാതൃകയിലുള്ള വിദ്യാഭ്യാസമാണ് വിഭാവന ചെയ്തത്. ആത്മിക ഔന്നത്യവും, ധാർമ്മിക ബോധവും, രാഷ്ട്രീയ പ്രതിബദ്ധതയും, ജ്ഞാനവും ഉള്ള തലമുറകളെ വാർത്തെടുക്കുവാനുള്ള പ്രയത്നവും പ്രയാണവും ആയിരുന്നു അവരുടേത്.

1922-ൽ ഇന്ത്യയുടെ പ്രിയ കവിയും തത്വചിന്തകനും നൊബേൽ ജേതാവുമായിരുന്ന ശ്രീ രവീന്ദ്രനാഥ ടാഗോർ കോളജ് സന്ദർശിച്ചു. ടാഗോർ ഹോസ്റ്റലിനു തറക്കല്ലിട്ടത് അദ്ദേഹമാണ്. കാലത്തിന്റെ പ്രയാണത്തിൽ ഹോസ്റ്റൽ പൊളിച്ചു മാറ്റപ്പെട്ടെങ്കിലും ടാഗോർ സന്ദർശനത്തിന്റെ പുണ്യം ഇന്നും ഈ മണ്ണിനെ ആർദ്രമാക്കുന്നു.

വൈക്കം സത്യാഗ്രഹം ദേശീയ ശ്രദ്ധ പിടിച്ചുപറ്റി തീവ്രമായി തുടരുമ്പോഴാണ് മഹാത്മാ ഗാന്ധിയുടെ രണ്ടാം കേരളയാത്ര. സത്യാഗ്രഹത്തിൽ പങ്കെടുക്കാൻ എത്തിയ ഗാന്ധിജിയെ കോളജിലേക്ക് ക്ഷണിക്കുവാൻ ഒരു പറ്റം വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്നു തീരുമാനിച്ചു. ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൻ കീഴിൽ നിൽക്കുമ്പോൾ ഗാന്ധിജിയെപ്പോലെ ഒരു ദേശീയ നേതാവിനെ കലാലയത്തിലേക്കു കൊണ്ടുവരുവാനുള്ള അതേ ധീരതയും

ആർജവവും തന്നെയാണ് യു.സി.യെ യു. സി. ആക്കി ഇന്നും പിടിച്ചു നിർത്തുന്നത്. കോളജിൽ എത്തിയ ഗാന്ധിജി നട്ട മാവ് 'ഗാന്ധിമാവ്' എന്ന ഓമനപ്പേരിൽ ഇന്നും ആ മഹാത്മാവിന്റെ സജീവ സ്മരണ ഉയർത്തി നിൽക്കുന്നു.

കോളജിന്റെ ഭരണ ചുമതല ആദ്യ കാലങ്ങളിൽ നിർവ്വഹിച്ചിരുന്നത് 'സെനറ്റ്' ആയിരുന്നു. 1924-ൽ വന്ന റവ. ഹോളണ്ട് ആണ് മൂന്നു സഭാംഗങ്ങളെയും ഒരുമിച്ചു ചേർത്ത് നിർത്തുന്ന "ഫെലോഷിപ്പ്" എന്ന ആശയം മുന്നോട്ടു വച്ചത്. അങ്ങനെ സെനറ്റ് ഫെലോഷിപ്പായി രൂപം മാറി. സഭാംഗങ്ങൾ ആയ അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുകയും അവരെ ഫെലോഷിപ്പ് അംഗങ്ങൾ ആക്കുകയും അവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർ പ്രിൻസിപ്പൽമാരായി കാലാകാലങ്ങളിൽ പ്രവർത്തിക്കുകയും ചെയ്തുവന്നു. അസോസിയേഷൻ ഓഫ് യൂണിയൻ ക്രിസ്ത്യൻ കോളജ്, കോളജ് സ്റ്റാൻഡിങ് കൗൺസിൽ, ഗവേർണിംഗ് ബോഡി മുതലായി കാലക്രമത്തിൽ രൂപപ്പെട്ട ഭരണ നിർവ്വഹണ സമിതികൾ കോളജിന്റെ നടത്തിപ്പിനെ സുതാര്യവും ക്രമീകൃതവും ആക്കിത്തീർത്തു. അതേ സമയംതന്നെ സ്വദേശികളും വിദേശികളും വിശ്വാസികളും നിരീശ്വരവാദികളും ഒരുപോലെ ഒരു കുടക്കീഴിൽ ഇവിടെ ജോലി ചെയ്യുകയും സഹവർത്തിക്കുകയും ചെയ്തു. അഭിപ്രായ വ്യത്യാസങ്ങളും കലഹങ്ങളും സ്നേഹത്തിന്റെ ഭാവങ്ങളായിത്തന്നെ ഈ സരസ്വതീ ക്ഷേത്രത്തിൽ പരിരക്ഷിക്കപ്പെട്ടു. അങ്ങനെ ഈ കലാലയം അതിവേഗം വളർച്ചയുടെ പടവുകൾ കയറി.

1938 വരെ മദ്രാസ് യുണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിച്ച കോളജ് 1939-ൽ തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ വന്നു. അതുവരെ ആൺകുട്ടികൾ മാത്രം ഉണ്ടായിരുന്ന കലാലയത്തിൽ 1939 മുതൽ പെൺകുട്ടികളെയും പ്രവേശിപ്പിച്ചു തുടങ്ങി. 1946-ൽ രജത ജൂബിലി ആഘോഷിക്കുമ്പോഴേക്കും 6 ഹോസ്റ്റലുകളും, 90 പെൺകുട്ടികൾ ഉൾപ്പെടെ 451 വിദ്യാർത്ഥികളും ഉള്ള കോളജ് ആയി യു.സി. മാറിയിരുന്നു. ആലുവ, പറവൂർ, കാലടി അങ്കമാലി, പെരുമ്പാവൂർ മുതലായ പ്രദേശങ്ങളിലെ ഉത്പ്പതിഷ്ണുക്കളായ യുവജനങ്ങളുടെ ആശാകേന്ദ്രമായി ഈ കലാലയം വളർന്നു.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ സ്ഥാപനത്തോടെ കോളജ് അതിന്റെ കീഴിൽ ആയി. ജൂനിയർ കോളജ് എന്ന നിലയിൽ നിന്നും ചരിത്രം, സസ്യശാസ്ത്രം, ഗണിതശാസ്ത്രം, ഊർജ്ജതന്ത്രം, രസതന്ത്രം, മനഃശ്ശാസ്ത്രം, സാമ്പത്തികശാസ്ത്രം, ജന്തുശാസ്ത്രം മുതലായി നിരവധി വിഷയങ്ങളിലും ഇംഗ്ലീഷ് മലയാളം ഭാഷകളിലും ബിരുദ-ബിരുദാനന്തര ഗവേഷണ കേന്ദ്രമായി കോളജ് പുരോഗമിച്ചു. ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ കമ്പ്യൂട്ടർ സയൻസ്, കോമേഴ്സ്, ബയോടെക്നോളജി, മാനേജ്മെന്റ് മുതലായ നവീന കോഴ്സുകളും ഇവിടെ ആരംഭിച്ചു. പഠനത്തോടൊപ്പം കലാ കായിക സാഹിത്യ രംഗങ്ങളിലും യു.സി.യുടെ വിദ്യാർഥികൾ അവരുടെ നിറസാന്നിദ്ധ്യമറിയിച്ചു. സോഷ്യൽ സർവീസ് ലീഗ് (പിന്നീട് എൻ.എസ്.എസ്) വിദ്യാർത്ഥികളുടെ സാമൂഹിക പ്രതിബദ്ധതയെ വളർത്തിയപ്പോൾ, എൻ.സി.സി. മികവുറ്റ പൗരന്മാരെ സൃഷ്ടിക്കുന്നതിൽ ശ്രദ്ധയൂന്നി. അനേകമായ ക്ലബ്ബുകളും വേദികളും വിദ്യാർത്ഥികളുടെ പലവിധമായ കഴിവുകളെ വളർത്തി സ്ഥാപക പിതാക്കന്മാരുടെ വീക്ഷണങ്ങളെ പൂർണ്ണതയിലേക്ക് എത്തിക്കുവാനുള്ള പരിശ്രമം നടത്തിക്കൊണ്ടേയിരിക്കുന്നു.

യു.ജി.സി.യുടെ സ്ഥാപനം ഇന്ത്യയിൽ ആകമാനം ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങൾ ഉണ്ടാക്കി. ഇവിടെയും യു.സി. അതിന്റെ പാരമ്പര്യം കാത്തു. കേരളത്തിലെ ആദ്യത്തെ NAAC ഫൈവ് സ്റ്റാർ അക്രെഡിറ്റഡ് കോളജ് ആയി യു.സി. അംഗീകരിക്കപ്പെട്ടു.

ഗുരു നിത്യചൈതന്യയതി, വലിയ മെത്രാപ്പോലീത്താ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം, പി. കെ. വാസുദേവൻ നായർ, ഡോ. ഡി. ബാബു പോൾ, പി. സി. അലക്സാണ്ടർ, മലയാറ്റൂർ രാമകൃഷ്ണൻ, സേതു മുതലായ നിരവധി പ്രഗത്ഭരായ പൂർവ വിദ്യാർഥികൾ കോളജിനെ ധന്യമാക്കുന്നു. വിദ്യാഭ്യാസം കച്ചവടമായി പരിണമിക്കുന്ന ഈ കാലത്തും സ്ഥാപകപിതാക്കന്മാരുടെ ആശയങ്ങളെയും വീക്ഷണങ്ങളെയും സ്വപ്നങ്ങളെയും നെഞ്ചിലേറ്റി യാത്ര തുടരുന്ന കോളജ് ശതാബ്ദി വർഷത്തിൽ എത്തി നിൽക്കുമ്പോൾ ഇനിയും അനേകം മനസ്സുകളിൽ വെളിച്ചം പകർന്നു യാത്ര തുടരുക എന്നേ പറയുവാനുള്ളൂ. ◎

ബൈബിൾ ചിന്തകൾ – 102

പ്രൊഫ. എം. വൈ. യോഹന്നാൻ



സ്നേഹത്തിന്റെ തീജ്വാല

“ആഴ്ചവട്ടത്തിൽ ഒന്നാം നാൾ മഗ്ദലക്കാരത്തി മറിയ രാവിലെ ഇരുട്ടുള്ളപ്പോൾതന്നെ കല്ലറെക്കൽ ചെന്നു, കല്ലറവായ്ക്കൽ നിന്നു കല്ലു നീങ്ങിയിരിക്കുന്നതു കണ്ടു” (യോഹന്നാൻ 20:1).

ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ലഹരിയിലും ആവേശത്തിലും അവനെ അന്വേഷിക്കുന്ന ഒരു വിശ്വാസിയുടെ ചിത്രമാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതിരാവിലെ ഇരുട്ടുള്ളപ്പോൾ നിർജ്ജനമായ വഴിയിലൂടെ ക്രിസ്തുവിന്റെ തിരുശരീരത്തിൽ സുഗന്ധം പൂശുവാൻ കല്ലറയിങ്കലേക്ക് പോയ മഗ്ദലനമറിയാമിന്റെ സ്നേഹവും ദാഹവും കാണുമ്പോൾ ഈ ആവേശത്തിന്റെ പൊരുൾ നമുക്ക് മനസ്സിലാകും.

“യേശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു.” (യോഹ. 19:25).

ക്രൂശിൽക്കിടന്ന് യേശു പറഞ്ഞ ഏഴു തിരുമൊഴികളിൽ ഒന്നാമത്തെയും നടുവിലത്തെയും അവസാനത്തെയും മൊഴികൾ തന്റെ സ്വർഗ്ഗീയ പിതാവിനോടായിരുന്നു. ക്രൂശിൽക്കിടന്ന് യേശു മാതാവിനോടും പ്രിയശിഷ്യനോടും സംസാരിച്ചു. അനുതപിച്ച കള്ളനോട് സംസാരിച്ചു. സർവ്വജനത്തോടുമായി “എനിക്കു ദാഹിക്കുന്നു” എന്നു പറഞ്ഞു. തന്നോടു തന്നെയും എല്ലാവരോടുമായും “നിവൃത്തിയായി” എന്നു മൊഴിഞ്ഞു. കൂരിശിൻ ചുവട്ടിൽ അതിദുഃഖത്തോടെ ഏങ്ങലടിച്ചു കരഞ്ഞുകൊണ്ടു നിന്ന മഗ്ദലന മറിയ ഒരു വാക്കു തന്നോടും പറയുമെന്ന് പ്രതീക്ഷിച്ചു കാണുകയില്ലേ? പക്ഷെ അവൾക്കതിൽ പരിഭവമില്ല. തികഞ്ഞ സ്നേഹത്തിൽ പരിഭവത്തിന് സ്ഥാനമില്ല. നേരം വെളുക്കുന്നതുവരെ കാത്തിരിക്കാൻ ക്ഷമയില്ലാതെ ഇരുട്ടുള്ളപ്പോൾത്തന്നെ അവൾ കല്ലറയിങ്കലേക്ക് ഓടുകയാണ്. അവൾക്ക് എത്രയും വേഗം തന്റെ ഗുരുവിന്റെ ശരീരത്തിൽ സുഗന്ധവർഗ്ഗം പൂശണം. കല്ലറയുടെ വാതിൽ ആര് തുറന്നു തരുമെന്ന ചിന്താകുലവുമായാണ് അവൾ ഓടുന്നത്. പക്ഷെ കല്ലറയ്ക്കൽ എത്തിയപ്പോൾ ഒട്ടുംപ്രതീക്ഷിക്കാത്ത കാഴ്ചകളാണ് അവൾ കണ്ടത്. കല്ലറ മൂടിയിരുന്ന വലിയ കല്ല് ആരോ ഉരുട്ടി മാറ്റിവച്ചിരിക്കുന്നു. കല്ലറയ്ക്കുള്ളിൽ യേശുവിന്റെ ശരീരമില്ല. അത്യന്തം പരവശയായി, വിവരം ശിഷ്യന്മാരെ അറിയിക്കുവാൻ അവൾ സെഹിയോൻ മാളികയിലേക്കോടി. പത്രോസും യോഹന്നാനും ഓടിവന്ന് കല്ലറയിൽ കുനിഞ്ഞു നോക്കി; അകത്തുകടന്ന് സൂക്ഷിച്ചു നോക്കി. യേശുവിന്റെ തിരുശരീരം കാണാതെ അവർ ദുഃഖിതരായി മടങ്ങിപ്പോയി.

“എന്നാൽ മറിയ കല്ലറയ്ക്കൽ പുറത്തു കരഞ്ഞുകൊണ്ടു നിന്നു. കരയുന്നതിനിടയിൽ അവൾ കല്ലറയിൽ കുനിഞ്ഞു നോക്കി. യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്തു വെള്ള വസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ ഒരുത്തൻ തലയ്ക്കലും ഒരുത്തൻ കാൽക്കലും ഇരിക്കുന്നതു കണ്ടു.” (യോഹന്നാൻ 20:11–13).

ശിഷ്യന്മാർ വീട്ടിലേക്കു മടങ്ങിപ്പോയി. എങ്കിലും മറിയ അവിടെത്തന്നെ നില്ക്കുകയാണ്. തന്റെ പ്രാണപ്രിയനായ യേശുവിനെ കണ്ടിട്ടേ അവൾ പോകുകയുള്ളൂ. കല്ലറയ്ക്കൽ നിന്നു കല്ല് ഉരുട്ടി മാറ്റിയിരിക്കുന്നതായി കണ്ട മഹാത്ഭുതം അവളെ തൃപ്തിപ്പെടുത്തുന്നില്ല. ദൂതന്മാരുടെ ദർശനമോ അവരുടെ വാക്കുകളോ അവളെ ആശ്വസിപ്പിക്കുന്നില്ല. യേശുവിന്റെ വസ്ത്രങ്ങളോ തിരുശേഷിപ്പുകളോ അവളെ തൃപ്തയാക്കുന്നില്ല. അവൾക്ക് തന്റെ ഗുരുവിനെ കാണണം. തനിക്കുവേണ്ടി ആണിയടിച്ചു തകർക്കപ്പെട്ട ആ തൃപ്പാദങ്ങൾ മുത്തണം.

അവസാനം യേശു പ്രത്യക്ഷപ്പെട്ടപ്പോൾ *“അവൻ തോട്ടക്കാരൻ എന്നു നിരൂപിച്ചിട്ടു അവൾ: യജമാനനേ നീ അവനെ എടുത്തുകൊണ്ടുപോയി എങ്കിൽ*

അവനെ എവിടെ വച്ചു എന്നു പറഞ്ഞുതരിക; ഞാൻ അവനെ എടുത്തുകൊണ്ട് പൊയ്ക്കൊള്ളാം എന്ന് അവനോടു പറഞ്ഞു."

യേശു അവളോട് "സ്ത്രീയേ നീ കരയുന്നത് എന്ത്?" എന്നു ചോദിച്ചു. തന്നെ അന്വേഷിച്ച് ദാഹിച്ചു കരയുന്നവർക്ക് വെളിപ്പെടുന്ന സ്നേഹ നിധിയായ ക്രിസ്തു അവളെ സ്നേഹവായ്പോടെ വിളിച്ചു: "മറിയയേ"; "റബ്ബൂനി" എന്നു പറഞ്ഞു കൊണ്ട് അവൾ ഗുരുവിന്റെ കാൽക്കൽ വീണു (യോഹന്നാൻ 20:16).

മറിയ തന്റെ പ്രിയനെ കണ്ടെത്തിയതുപോലെ ഉത്തമഗീതത്തിൽ ശൂലേമി തന്റെ പ്രിയനെ കണ്ടെത്തി എന്നു നാം കാണുന്നു. ഉത്തമഗീത ത്തിലെ നായിക തന്റെ പ്രിയനെ തേടി അലഞ്ഞു നടന്നു. രാത്രി സഞ്ചരിക്കുന്ന ശൂലേമിയെ മതിൽക്കാ വൽക്കാർ അടിച്ചു, മുറിവേൽപ്പിച്ചു. അവളുടെ മൂടു പടം എടുത്തു കളഞ്ഞു. നിന്ദയേറ്റും പീഡയേറ്റും അവൾ വലഞ്ഞു. അവസാനം അവൾ തന്റെ പ്രിയനെ കണ്ടെത്തി. "എന്റെ പ്രിയൻ വെണ്മയും ചുവപ്പുമു ള്ളവൻ, പതിനായിരം പേരിൽ അതിശ്രേഷ്ഠൻ തന്നെ." (ഉത്തമഗീതം 5:10).

അവളെക്കണ്ടിട്ട് യറുശലേം പുത്രിമാർ പറയുക യാണ്: "മരുഭൂമിയിൽ നിന്ന് തന്റെ പ്രിയന്റെ മേൽ ചാരിക്കൊണ്ടു വരുന്നോരിവൾ ആര്?" മരുഭൂമിയിൽ ചാരുവാൻ ശൂലേമി തന്റെ പ്രിയനെ കണ്ടെത്തി. ഇനി ഉഷ്ണക്കാറ്റ് ഊതുമ്പോൾ അത് അവളുടെ ശരീര ത്തിൽ അടിക്കാതെ പ്രിയൻ തന്റെ ശരീരത്തിൽ ഏറ്റു കൊള്ളും. ചുട്ടുപഴുത്ത മണൽത്തരികൾ വീണ് അവളുടെ ദേഹം കരുവാളിക്കാതെ അവന്റെ മെയ്യ് തടുത്തുകൊള്ളും. സൂര്യന്റെ ഉജ്ജ്വല കിരണങ്ങൾ അവന്റെ ശിരസ്സ് ഏറ്റുവാങ്ങി അവൾക്ക് തണൽ കൊടുത്തുകൊള്ളും. ശൂലേമി ഭാഗ്യവതിയായി. ആശ്ര യിക്കാനൊരു പ്രിയൻ! ചാരുവാനൊരു മാറ്!

"എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹി ക്കുന്നു. എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും" (സദൃശ. 8:17).

തന്നെ അന്വേഷിക്കുന്നവരെ ഉപേക്ഷിക്കാത്ത ക്രിസ്തു നമുക്കും വെളിപ്പെടും. അവൻ സ്നേഹ ത്തിന്റെ നിറകുടമാണ്. കാരുണ്യക്കടലാണ്. കൃപ യുടെ ഉറവാണ്. അവന് പിണക്കമില്ല. പരിഭവമില്ല. തന്നെ അതിക്രൂരമായി പീഡിപ്പിച്ച് ക്രൂശിച്ചവർക്കു വേണ്ടിയും പ്രാർത്ഥിക്കുന്ന അത്ഭുതസ്നേഹം. തന്നെ തള്ളിപ്പറഞ്ഞ പത്രോസിനെ വീണ്ടും തേടിവന്ന മഹൽസ്നേഹം.

"നിങ്ങൾപോയി അവന്റെ ശിഷ്യന്മാരോടും പത്രോ സിനോടും അവൻ നിങ്ങൾക്കുമുമ്പെ ഗലീലയ്ക്കു പോകുന്നു എന്നു പറവിൻ" (മർക്കോസ് 16:7).

യേശുവിനെ അറിയുകപോലുമില്ല എന്നു തീർത്തു പറഞ്ഞ്, ശിഷ്യഗണത്തിൽ നിന്നു സ്വയം പുറത്തായ പത്രോസ് അതിദുഃഖത്തോടെ, നിരാശ യോടെ തല കുമ്പിട്ടിരിക്കുകയാണ്. മുന്നറിയിപ്പ് ലഭി ച്ചതായിരുന്നു; സൂക്ഷിക്കേണ്ടതായിരുന്നു. "ദൂരവേ പിൻപറ്റാതെ" ചേർന്നു നടക്കേണ്ടതായിരുന്നു.

പക്ഷെ കർത്താവിനറിയാം പത്രോസ് വിഷാദമ ഗ്നനായി കഴിയുകയാണെന്ന്. അതുകൊണ്ടാണ് പറ ഞ്ഞത് "ശിഷ്യന്മാരോടും പത്രോസിനോടും ഞാൻ ജീവിച്ചിരിക്കുന്നു എന്നു പറയുവിൻ' എന്ന്. Watchman Nee എഴുതിയ 'Twelve Baskets Full' എന്ന പുസ്തകത്തിന്റെ ഒരു അദ്ധ്യായം 'And Peter' എന്നാണ്. പത്രോസിനോട് പ്രത്യേകം പറയുക: ഞാൻ നിന്നെ ഉപേക്ഷിച്ചിട്ടില്ല. തള്ളിക്കളഞ്ഞിട്ടില്ല. ഞാൻ നിന്നെ സ്നേഹിക്കുന്നു. നീ എനിക്കു പ്രിയ നാണ്. എല്ലാ നാളും ഞാൻ നിന്നോടു കൂടെയിരി ക്കാം. നിന്നെ സഹായിക്കാം. നിനക്കായി കനലി ന്മേൽ ചുട്ട അപ്പവും മീനും കരുതി വയ്ക്കാം. നിന്നെ അനുഗ്രഹിക്കാം. നിന്റെ നീറുന്ന മനസ്സിന് ആശ്വാസം തരാം. അതിനായിട്ടല്ലോ ഞാൻ ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നത്.

മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ആ സ്നേഹവാനായ യേശുവിനെ നമുക്കും കണ്ടെത്താം. അവനിൽ ആശ്രയിക്കാം. ആ തിരുമാറിൽ ചാരി വിശ്രമിക്കാം. പാട്ടുകാരൻ പാടിയതുപോലെ 'നീയെൻ സ്വന്തം ഞാൻ നിൻ സ്വന്തം' എന്നു പാടിക്കൊണ്ട് അവനോട് ചേർന്നു നടക്കാം. ◎

കൽപ്പടവുകൾ-8

ഫാ. ജോണി ജോർജ്ജ്
കോർ എപ്പിസ്കോപ്പാ



മോഹിച്ചത് ദൈവത്തെപ്പോലെയാകാൻ, ലഭിച്ചത് സ്വന്തം നാണം മറയ്ക്കാനുള്ള ഇല

ഉല്പത്തി പുസ്തകത്തിന്റെ ആദ്യ അദ്ധ്യായത്തിൽ ദൈവത്തെ സ്രഷ്ടാവായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. മനുഷ്യസൃഷ്ടിക്കുശേഷം വ്യത്യസ്ത തലങ്ങളിൽ ദൈവം പ്രത്യക്ഷപ്പെടുന്നു. എല്ലാറ്റിനെയും നിയന്ത്രിക്കുന്നവനായും മനുഷ്യന് ഉത്തരവാദിത്തങ്ങൾ നൽകുന്നവനായും ദൈവത്തെ കാണുന്നു. മറ്റ് സൃഷ്ടികളെ "അടക്കി വാഴാനുള്ള" അധികാരവും ഉത്തരവാദിത്തവും മനുഷ്യനു നൽകിയെങ്കിലും അതിനെ ചൂഷണം ചെയ്യാനുള്ള അനുവാദം നൽകിയിരുന്നില്ല. ചില 'അരുതു'കൾ അല്ലെങ്കിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. അങ്ങനെയാണ് തോട്ടത്തിന്റെ നടുക്കു നിൽക്കുന്ന വൃക്ഷത്തിന്റെ ഫലം പറിക്കരുതെന്ന നിബന്ധന നൽകപ്പെട്ടത്. ദാനമായി കിട്ടിയതുകൊണ്ട് എന്തും ചെയ്യാം എന്ന് ചിന്തിച്ചുകൂടാ. ദൈവമാണ് മനുഷ്യന്റെ ഉപയോഗത്തിനായി ഭൂമിയും അതിൽ നിന്നുണ്ടാകുന്ന ഉല്പന്നങ്ങളും നൽകിയത്. അതുകൊണ്ട് ദൈവകല്പന അനുസരിച്ച് ജീവിക്കണം.

ആദാം 'അദ്മാ' അഥവാ 'ഭൂമി'യിൽ നിന്ന് എടുക്കപ്പെട്ടവനാണ്. മനുഷ്യൻ അതുകൊണ്ട് മണ്ണുമായി ബന്ധപ്പെട്ടാണ് ജീവിക്കേണ്ടത്. മനുഷ്യന് തന്റെ ചുറ്റുപാടുമായി ബന്ധപ്പെടാതെ ജീവിക്കാനാവില്ല. അതായത് ലോകപദാർത്ഥങ്ങൾ കൂടാതെ ജീവിക്കാൻ മനുഷ്യന് സാദ്ധ്യമല്ല. മനുഷ്യന് ലോകത്തെ ആവശ്യമുള്ളതുപോലെ ലോകത്തിന് മനുഷ്യനെയും ആവശ്യമുണ്ട്. മനുഷ്യൻ നന്നാകുമ്പോൾ ഭൂമി നന്നാകുന്നു; മറിച്ചും. മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ് *"വയലിലെ ചെടിയൊന്നും ഭൂമിയിൽ ഉണ്ടായിരുന്നില്ല; വയലിൽ സസ്യം ഒന്നും മുളച്ചിരുന്നതുമില്ല. യഹോവയായ ദൈവം ഭൂമിയിൽ മഴ പെയ്യിച്ചിരുന്നില്ല; നിലത്ത് വേല ചെയ്യാൻ മനുഷ്യനും ഉണ്ടായിരുന്നില്ല"* (ഉല്പത്തി 2:4-5). മനുഷ്യന്റെ അഭാവത്തിൽ ഭൂമി മരുഭൂമിക്ക് തുല്യമായിരുന്നു. അവൻ മൂലമാണ് ഒരു വലിയ പരിധിവരെ ഭൂമിക്ക് രൂപം ലഭിച്ചത്. അവനാണ് ഭൂമിയെ കൃഷിഭൂമിയാക്കി മാറ്റിയത്. മനുഷ്യവർഗ്ഗത്തിന് കൃഷിയോഗ്യമായ ഒരു ഭൂമിയെ ദൈവം നൽകി. അതിന് പൂർണ്ണമായ ഒരു അവസ്ഥ നൽകിയത് മനുഷ്യനാണ്.

കാർഷികവൃത്തിയുടെ ഭാഗമായി വലിയ മൃഗസമ്പത്തും ആദാമിനു ലഭിച്ചു. അവയ്ക്കെല്ലാം പേരിട്ടത് അവൻതന്നെ ആയിരുന്നു; അവയിന്മേലുള്ള ആധിപത്യം അവയ്ക്ക് പേരിട്ടതുകൊണ്ട് അവൻ ഉറപ്പിച്ചു. പക്ഷേ, തനിക്കു അനുയോജ്യയായ ഒരു തുണയെ കണ്ടെത്താൻ അവന് കഴിഞ്ഞില്ല. അപ്പോഴാണ് അവന്റെ അസ്ഥിയിൽനിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവുമായ ഹവ്വായെ ദൈവം നിർമ്മിച്ചു നൽകിയത്. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. മനുഷ്യരും മൃഗങ്ങളുമായി നല്ല ബന്ധമായിരുന്നു ഉണ്ടായിരുന്നത്; പരസ്പരധാരണയിൽ കഴിഞ്ഞിരുന്നു. മനുഷ്യരും മൃഗങ്ങളും തമ്മിൽ കാത്തുസൂക്ഷിക്കപ്പെടേണ്ട നല്ല ബന്ധത്തിന് പ്രത്യേകതയുണ്ട്. (യെശയ്യാ 11:6-9). ദാവീദിന്റെ തെറ്റായ നടപടിയെ വിമർശിക്കുന്ന നാഥാൻ പ്രവാചകൻ, ഒരു കർഷകൻ സ്വന്തം പുത്രിയെ

പ്പോലെ സ്നേഹിച്ച ആട്ടിൻകുട്ടിയെ ബലമായി പിടിച്ചു കൊന്നുതിന്ന ധനാഢ്യനായ ഒരു മനുഷ്യനെക്കുറിച്ച് പറയുന്നുണ്ട്. മാത്രവുമല്ല, "ആ മനുഷ്യൻ നീ തന്നെ" എന്നു പറഞ്ഞ് ദാവീദിനെ ഭത്സിക്കുകയും ചെയ്യുന്നു (2 ശമുവേൽ 12:1-12). ഊരീയാവിനെ കൊന്ന് അവന്റെ ഭാര്യയായിരുന്ന ബേർശേബയെ ദാവീദ് സ്വന്തം ഭാര്യയാക്കിയതിനെപ്പറ്റിയായിരുന്നു നാഥാൻ പ്രവാചകൻ പറഞ്ഞത്.

എല്ലാ സൗകര്യങ്ങളും ഭംഗിയും ഒത്തൊരുമിച്ചുള്ള ഏദൻ തോട്ടത്തിലാണ് ആദിമനുഷ്യരായ ആദാമിനെയും ഹവ്വായെയും ദൈവം ആക്കിയത്. സൃഷ്ടിയുടെ മകുടം മനുഷ്യനായിരുന്നു എങ്കിൽ ഏദൻതോട്ടത്തിന്റെ മകുടം നടുക്ക് നിന്നിരുന്ന രണ്ട് വൃക്ഷങ്ങളായിരുന്നു. *"കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷവും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്ന് മുളപ്പിച്ചു... ഏദൻ തോട്ടത്തിൽ വേല ചെയ്യാനും അതിനെ കാപ്പാനും അവിടെ ആക്കി. യഹോവയായ ദൈവം മനുഷ്യനോട് കല്പിച്ചത് എന്തെന്നാൽ: തോട്ടത്തിലെ സകല വൃക്ഷങ്ങളുടേയും ഫലം നിനക്കു ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും"* (ഉല്പത്തി 2:9-17).

വാസ്തവത്തിൽ രണ്ട് വൃക്ഷങ്ങളുണ്ടായിരുന്നോ? വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. എബ്രായ ഭാഷയിൽ ഒരു കാര്യം വ്യക്തമായും ശക്തമായും അവതരിപ്പിക്കാൻ ഒരേ ആശയം വരുന്ന പദപ്രയോഗങ്ങൾ അടുത്തടുത്ത് ഉപയോഗിക്കാറുണ്ട്. 51-ാം സങ്കീർത്തനം ഉത്തമ ഉദാഹരണമാണ്; ആദ്യന്തം: "എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമെ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമെ!" (2-ാം വാക്യം). ഇതുപോലെ, ജീവവൃക്ഷവും അറിവിന്റെ വൃക്ഷവും ഒന്നുതന്നെയെന്ന് ഒരു വിശദീകരണം. ജീവവൃക്ഷം യേശുക്രിസ്തുവാണെന്ന് ഒരു വ്യാഖ്യാനം. മരത്തെപ്പറ്റി പറയുമ്പോൾ യേശുവിന്റെ ക്രൂശുമായി ബന്ധപ്പെടുത്തി ചിന്തിക്കാറുണ്ട്. പത്രൊസ് ശ്ലീഹായുടെ പ്രസംഗത്തിൽ, നസറായനായ യേശുവിനെപ്പറ്റി *''അവനെ അവർ (യഹൂദന്മാർ) മരത്തിന്മേൽ തൂക്കിക്കൊന്നു"* (അപ്പൊ. പ്രവൃത്തികൾ 10:39) എന്നാണ് പറയുന്നത്. വെളിപ്പാടു പുസ്തകത്തിൽ ജീവവൃക്ഷം യേശുവാണ്. (cf വെളി. 2:7, 22:2). നന്മതിന്മകളെപ്പറ്റിയുള്ള അറിവിന്റെ വൃക്ഷം പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നതായി മറ്റൊരു വ്യാഖ്യാനം. നന്മയും തിന്മയും തമ്മിൽ തിരിച്ചറിയാനുള്ള കഴിവ് പരിശുദ്ധാത്മാവാണ് നല്കുന്നത് എന്ന് വി. വേദപുസ്തകം പഠിപ്പിക്കുന്നു. *"സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും"* (വി. യോഹന്നാൻ 16:13) എന്ന് കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്.

ദൈവത്തിന്റെ ശാസനത്തിന് എതിരായാണ് ആദാമും ഹവ്വായും പ്രവർത്തിച്ചത്. പ്രലോഭകനായ പാമ്പിന്റെ ഉപദേശത്തിന് വഴിപ്പെട്ട് ആദ്യം ഹവ്വായും പിന്നീട് ആദാമും വിലക്കപ്പെട്ട ഫലം തിന്നു. നന്മയും തിന്മയും തിരിച്ചറിയാനുള്ള വിവേചനാശക്തി (discretion) ഉപയോഗിച്ചില്ല. ദൈവിക കല്പനയെ നിസ്സാരമാക്കി. ലൗകിക തൃഷ്ണകൊണ്ട് വൃക്ഷഫലം കാംക്ഷിച്ച ദമ്പതികൾ ഹൃദയം കൊണ്ട് ദൈവബന്ധം കാത്തു സൂക്ഷിച്ചിരുന്നെങ്കിൽ ഈ അപകടം സംഭവിക്കുകയില്ലായിരുന്നു. ദൈവസ്നേഹം വിട്ടുകളഞ്ഞപ്പോൾ, ദൈവത്തെപ്പോലെ ആകാൻ അവർ ആഗ്രഹിച്ചു. ലൗകികമായ മാനദണ്ഡങ്ങൾ അവർ ഉപയോഗിച്ചു. ഒരുതരം അലംഭാവവും (complacency) സ്വാർത്ഥമോഹങ്ങളെ തൃപ്തിപ്പെടുത്താനുള്ള ഒഴികഴിവുകളും (compromise) ഉപയോഗിച്ചു. ഫലമോ? ദൈവസാന്നിദ്ധ്യത്തെത്തന്നെ ഭയന്നു. ദൈവത്തിൽ നിന്ന് മറഞ്ഞിരുന്നു. 'അറിവിന്റെ വൃക്ഷ'ഫലത്തെ അലക്ഷ്യമായി ഉപയോഗിച്ചു എന്നതാണ് അവരുടെ തെറ്റ്. പരിശുദ്ധാത്മാവിന്റെ ദാനങ്ങളെയും ഫലത്തെയും നാമും ഇന്ന് അലക്ഷ്യമായി ഉപയോഗിക്കുന്നില്ലേ? ചിന്തിക്കുക. ◎

ബോധനം

അഡ്വ. വർഗീസ് പി. തോമസ്



സാമ്പത്തിക സംവരണവും ക്രൈസ്തവ സഭകളും

മർദ്ദിതരുടെയും പീഡിതരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും അവകാശങ്ങൾക്കായി സദ്വാർത്ത അറിയിക്കാനും പ്രസാദവർഷം പ്രഖ്യാപിക്കുവാനുമായിട്ടാണ് യേശുക്രിസ്തു എത്തിയതെന്നു വി. ലൂക്കോസ് 4:18-19-ൽ പറയുന്നു. പഴയനിയമകാലത്തേക്കു നോക്കുമ്പോൾ, ദൈവജനമായ യിസ്രായേൽ പല കാലങ്ങളിൽ ജാതികളുടെ ഇടയിൽ ചിതറിക്കപ്പെട്ടു; തൽഫലമായി ന്യൂനപക്ഷങ്ങളായിത്തീർന്ന അവരുടെ അവകാശങ്ങൾ ധ്വംസിക്കപ്പെട്ടു. പൂർണ്ണമായി ചവിട്ടിയരയ്ക്കപ്പെട്ട യിസ്രായേൽ ജനം സംരക്ഷണം ലഭിപ്പാൻ യഹോവയോട് പ്രാർത്ഥിച്ചു. അന്നുള്ള ഭരണകൂടങ്ങളോട് സംരക്ഷണത്തിന് അപേക്ഷിച്ച് അത് നേടിയെടുത്ത ചരിത്രം നാം വായിക്കുന്നുണ്ട്. ക്രൈസ്തവരുടെ ഇന്നത്തെ അവസ്ഥ വിശകലനം ചെയ്താൽ എല്ലായിടത്തും അവഗണനയും അടിച്ചമർത്തലും ഒഴിവാക്കലും അവർ നേരിട്ടുകൊണ്ടിരിക്കുന്നു. എന്നാൽ വീണുകിട്ടുന്ന ചില സാഹചര്യങ്ങൾ അനുകൂലമാക്കുവാൻ ക്രൈസ്തവർ പരിശ്രമിക്കണമെന്ന് ആമുഖമായി സൂചിപ്പിക്കുന്നു. കപടമതേതരത്വം സഭാമക്കളിൽ ഉണ്ടെങ്കിൽ അതു മാറ്റിവച്ച് നിലപാട് വ്യക്തമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

കേന്ദ്ര സർക്കാർ 103-ാം ഭരണഘടനാ ഭേദഗതി മൂലം 2019 ജനുവരി 12-ാം തീയതി സാമ്പത്തിക സംവരണം പ്രാബല്യത്തിൽ കൊണ്ടുവന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംവരണേതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള പത്തു ശതമാനം (10%) സംവരണം ഉന്നത വിദ്യാഭ്യാസരംഗത്തും സർക്കാർ ജോലികളിലും പ്രാബല്യത്തിൽ വന്നിരിക്കുന്നു. ഇതു കേരള സംസ്ഥാനത്തും നടപ്പിലാക്കിക്കഴിഞ്ഞു. വൻ സാമുദായിക രാഷ്ട്രീയ സമ്മർദങ്ങളെ അതിജീവിച്ചാണ് സംസ്ഥാന സർക്കാർ ഇതു ചെയ്തത്. നാളിതുവരെ യാതൊരു പരിഗണനയും ലഭിക്കാതെ പുറംതള്ളപ്പെട്ടുകിടന്ന ദരിദ്രജന വിഭാഗങ്ങളോടു ഗവണ്മെന്റ് അനുഭാവം കാട്ടിയതു വളരെ താമസിച്ചാണെങ്കിലും ഭാഗ്യമായി കരുതാം.

ഈ സംവരണാനുകൂല്യം ഭരണഘടനാപരമായി ലഭിച്ചതുകൊണ്ട് സർക്കാർ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുന്നതിനും സർക്കാർ ജോലികളിൽ പ്രവേശിക്കുന്നതിനും പരമാവധി ക്രൈസ്തവർ ശ്രമിക്കേണ്ടതാണ്. സഭകൾ വിശ്വാസികളെ യുദ്ധകാലാടിസ്ഥാനത്തിൽ ബോധവൽക്കരിക്കേണ്ടതാണ്. ഈ ഭരണഘടനാ ഭേദഗതിയെ 'E.W.S' റിസർവേഷൻ എന്നാണ് പറയുന്നത്. നൂറ്റിനാല്പത്തി ഒമ്പത് (149) ഹിന്ദു വിഭാഗങ്ങളെയും പത്തൊമ്പത് (19) ക്രിസ്ത്യൻ വിഭാഗങ്ങളെയും ജാതിരഹിതരെയും കൂട്ടി ഒരുമിച്ച് പരിഗണിച്ചാണ് 'E.W.S' നടപ്പിലാക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ സാമൂഹ്യ അനീതി അനുഭവിക്കുന്നവരെയും പിന്നോക്കാവസ്ഥയിലുള്ളവരെയും പരിഗണിച്ചാണു സംവരണം നൽകുന്നത്.

നിലവിലുള്ള അമ്പത് (50) ശതമാനം റിസർവേഷൻ അതേപടി നിലനിർത്തിക്കൊണ്ടാണ് പത്ത് (10) ശതമാനം, മുന്നോക്കക്കാരിലെ സാമ്പത്തിക പിന്നോക്കക്കാർക്കു നൽകുന്നത്. പട്ടികജാതി, പട്ടികവർഗ്ഗം, ഒ.ബി.സി., ഒ.ഇ.സി. ഉൾപ്പെടെയുള്ള മറ്റു വിഭാഗങ്ങൾക്ക് അമ്പതു ശതമാനത്തിൽ കൂടുതൽ റിസർവേഷൻ പാടില്ലെന്നു സുപ്രീംകോടതി വിധിച്ചിട്ടുണ്ട്.

വിവേചനാരഹിതമായ സമത്വം, ഭാഷാപരവും മതപരവുമായ കാരണങ്ങളാൽ ന്യൂനപക്ഷങ്ങളായവർക്കു പ്രദാനം ചെയ്യുന്നതിനു വേണ്ടിയാണ് ഭരണഘടനയിൽ ചില വ്യവസ്ഥകൾ ചെയ്തത്. ആർട്ടിക്കിൾ 14 (സമത്വത്തിനുള്ള അവകാശം), ആർട്ടിക്കിൾ 25 (മതസ്വാതന്ത്ര്യത്തിനുള്ള അവകാശം), ആർട്ടിക്കിൾ 29 (ന്യൂനപക്ഷങ്ങളുടെ താല്പര്യസംരക്ഷണം), ആർട്ടിക്കിൾ 30 (വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കു

ന്നതിനും ഭരണം നടത്തുന്നതിനുമുള്ള അവകാശം) എന്നിവകൾ എടുത്തുപറയേണ്ടിയിരിക്കുന്നു.

ന്യൂനപക്ഷ വിഭാഗങ്ങളെ സഹായിക്കുന്നതിനും അവരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിനും വേണ്ടി കേന്ദ്ര സർക്കാർ വിവിധ കമ്മിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. 1992-ൽ കേന്ദ്ര സർക്കാർ നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റീസ് ആക്ട് പാസാക്കി; ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസപരമായ വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, രാഷ്ട്രീയ പ്രാതിനിധ്യമുറപ്പിക്കൽ, സാമൂഹിക സാമ്പത്തിക വികസന സുരക്ഷിതത്വം ഉറപ്പാക്കൽ എന്നിവയാണു ലക്ഷ്യമിട്ടിരിക്കുന്നത്. അതിൻപ്രകാരം ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നു. സംസ്ഥാന ന്യൂനപക്ഷ മന്ത്രാലയത്തിന്റെ കീഴിലാകട്ടെ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും സംസ്ഥാന ന്യൂനപക്ഷ വികസന കമ്മീഷനും പ്രവർത്തിക്കുന്നു. 2014-ലെ മൈനോറിറ്റി കമ്മീഷൻ ആക്ടനുസരിച്ച് കേരളത്തിന്റെ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലുള്ള മൈനോറിറ്റി കമ്മീഷനിൽ, രണ്ടാമത്തെ മെമ്പറെ തിരഞ്ഞെടുക്കേണ്ടത്, ചെയർപേഴ്സന്റെ സമുദായത്തിൽ നിന്നല്ലാത്ത മറ്റൊരു സമുദായത്തിൽ നിന്നായിരിക്കണം എന്നായിരുന്നു വ്യവസ്ഥ. അതായത് ഒരു ന്യൂനപക്ഷാംഗം ചെയർമാനും 'മറ്റൊരു' ന്യൂനപക്ഷത്തുനിന്നുള്ള ഒരംഗവും ഒരു ന്യൂനപക്ഷത്തുനിന്നുള്ള വനിതാ അംഗവും എന്ന രീതിയിൽ കമ്മീഷൻ രൂപീകരിക്കണം എന്നർത്ഥം. എന്നാൽ ഈ സർക്കാർ 2017-ലെ 14-ാം നിയമസഭാ സമ്മേളനത്തിൽ ഒരു ഭേദഗതി കൊണ്ടുവന്നു. അതിൻപ്രകാരം 'മറ്റൊരു' എന്നതിനു പകരം 'ഒരു' എന്ന ഭേദഗതി വരുത്തി. ഈ ഭേദഗതി പ്രകാരം ചെയർപേഴ്സനും രണ്ടാമത്തെ അംഗവും വേണമെങ്കിൽ വനിതാ അംഗവും ഒരേ സമുദായത്തിൽനിന്നുള്ളവരാകുവാൻ വഴി തുറന്നു. നിലവിലുള്ള ന്യൂനപക്ഷ കമ്മീഷൻ ഈ തിരുത്തലിന്റെ അടിസ്ഥാനത്തിലാണു രൂപീകൃതമായത്. വളരെ ഖേദകരമായ ഈ വസ്തുത നമ്മൾ തിരിച്ചറിയണം. തങ്ങളുടെ പിന്നോക്കാവസ്ഥയെപ്പറ്റി ക്രൈസ്തവർ ബോധവാന്മാരല്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

ക്ഷേമപദ്ധതികളിൽ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങളെയും ന്യായമായി പരിഗണിക്കണം, ക്ഷേമപദ്ധതികളിൽ അർഹമായ നീതി നടപ്പിലാക്കാനാവശ്യമായ തിരുത്തലുകൾ വരുത്തണം. **ന്യൂനപക്ഷ ക്ഷേമ പദ്ധതികളിൽ നിലവിലുള്ള 8:20 എന്ന അനുപാതം പ്രകടമായ അനീതിയാണ്.**

ഒരു രാജ്യത്തെ പൗരന്മാർക്കു തുല്യനീതിയും തുല്യ അവസരങ്ങളും ലഭിക്കുമ്പോഴാണ് ക്ഷേമ രാഷ്ട്രം സാദ്ധ്യമാകുക. അതിനു സഹായിക്കുന്ന ക്രമീകരണമാണ് ന്യൂനപക്ഷാവകാശങ്ങളും സംവരണ തത്വങ്ങളും. ഇതിൽ രണ്ടിലും പെടാത്ത ജനമുണ്ട്. അവരാണ് മുന്നോക്കക്കാരിലെ പിന്നോക്കക്കാർ. ഇന്ത്യൻ ഭരണഘടനാടിസ്ഥാനത്തിൽ സ്വന്തം ഭരണഘടനയോടെ നീങ്ങുന്ന ക്രൈസ്തവസഭകൾ, അവരുടെയിടയിലെ പിന്നോക്കക്കാരെയും പിന്തള്ളപ്പെട്ടവരെയും കരുതുവാൻ ഭരണനിർവാഹക സമിതികളെയും മേൽപട്ടക്കാരെയും ബാധ്യസ്ഥരാക്കേണ്ടേ എന്നുകൂടി സന്ദേഹിക്കുന്നു. ദൈവികനീതി പ്രവൃത്തിയിൽ കൂടി മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

ഇതിനിടെ വിദ്യാഭ്യാസം, സാമ്പത്തികം, ന്യൂനപക്ഷക്ഷേമം തുടങ്ങിയ മേഖലകളിൽ ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജസ്റ്റിസ് ബെഞ്ചമിൻ കോശി അധ്യക്ഷനായി ഗവണ്മെന്റ് നിയമിച്ച കമ്മീഷൻ, ഇപ്പോഴത്തെ അവസ്ഥയിൽ തികച്ചും സ്വാഗതാർഹമാണ്. ന്യൂനപക്ഷമായ ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ തിരിച്ചറിയുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും കമ്മിഷന്റെ പ്രവർത്തനം പ്രയോജനപ്പെടുത്തുന്നതിന് സഭകൾ തയ്യാറാകണം. അതിനുപകരം മൗനം പാലിച്ച് പിന്തള്ളപ്പെടാതെ ക്രൈസ്തവസഭകൾ ഒരുമിച്ച് നിന്ന് നമ്മുടെ ആവശ്യങ്ങൾ കമ്മീഷന്റെ മുമ്പാകെ അവതരിപ്പിക്കണം.

നിയമങ്ങളിലുള്ള നീതിനിഷേധം ഭാവിതലമുറകൾക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾക്കു തടസ്സമാകുമെന്നു സഭയിലെ യുവാക്കളെ ബോധവൽക്കരിക്കണം. ഇതരസമുദായങ്ങൾ സംഘടിച്ച് നേടിയെടുക്കുന്നതു ക്രൈസ്തവ സമുദായത്തിനു ന്യായമായി കിട്ടേണ്ട ക്ഷേമ പദ്ധതികളും ആനുകൂല്യങ്ങളുമാണെന്നു മനസ്സിലാക്കണം. ആയതിനാൽ ഉത്തരവാദപ്പെട്ടവർ, പുതിയ കമ്മീഷനു മുമ്പാകെ ആവശ്യമായ രേഖകളും തെളിവുകളും നിയമങ്ങളും സമർപ്പിച്ച് പരിഹാര നിർദ്ദേശങ്ങൾ വയ്ക്കുവാൻ ശ്രദ്ധിക്കണം. ◎

ഫാ. ഡോ. തോംസൺ റോബി





പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം– പുതിയ കാൽവയ്പ്

"കേൾക്കാൻ ഇഷ്ടമില്ലാത്തത് പറയാനുള്ള അവകാശമാണ് സ്വാതന്ത്ര്യം" എന്ന ജോർജ്ജ് ഓർവെലിന്റെ ചിന്ത ഇന്നത്തെ കാലഘട്ടത്തിൽ പ്രസക്തമാണ്. മനുഷ്യൻ കേട്ടിട്ടും കൊണ്ടിട്ടും പഠിക്കാത്ത ഈ ലോകത്തിലെ അനുഭവങ്ങൾ നമുക്കുതന്നെ എതിരായി തിരിഞ്ഞിരിക്കുന്നു. അതിൽ ഏറ്റവും ഗൗരവമായ ഒന്നാണ് പ്രകൃതിയുടെ രൂപമാറ്റം. പഴയ കാലത്ത് പ്രകൃതിയുടെ ഭാവത്തിൽ കൂടി കാലാവസ്ഥയും പ്രകൃതിമാറ്റങ്ങളും മനുഷ്യൻ മനസ്സിലാക്കിയിരുന്നു. പക്ഷേ ഇന്ന് പ്രവചനങ്ങൾക്കതീതമാണ് പ്രകൃതിയിലെ മാറ്റങ്ങൾ. ഈ മാറ്റങ്ങൾ നമ്മുടെ സവിശേഷ ശ്രദ്ധ അർഹിക്കുന്നു.

ഒറ്റത്തവണ മാത്രം ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങളിൽ ഗുണനിലവാരം കുറഞ്ഞവ അടുത്ത വർഷം രണ്ടു ഘട്ടങ്ങളിലായി നമ്മുടെ രാജ്യത്ത് നിരോധിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. ജനുവരി, ജൂലൈ മാസങ്ങളിലാണ് നിരോധനം നിലവിൽ വരിക. 120 മൈക്രോണിൽത്താഴെയുള്ള പ്ലാസ്റ്റിക് ബാഗുകൾ ഈ വർഷം സെപ്റ്റംബർ 30 മുതലും നിരോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങൾ 2030-ഓടെ പൂർണ്ണമായി ഒഴിവാക്കണമെന്ന് ഐക്യരാഷ്ട്ര സഭയും ലോകരാജ്യങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. ആ ലക്ഷ്യത്തിലേക്കുള്ള ആദ്യപടിയാണ് മേൽപ്പറഞ്ഞ പ്ലാസ്റ്റിക് നിരോധനം.

പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം ഇന്ന് നാം നേരിടുന്ന വലിയ വെല്ലുവിളിയാണ്. പല തലങ്ങളിലും പ്ലാസ്റ്റിക് ഉപയോഗം നിരോധിച്ചെങ്കിലും ഇന്നും അതിന്റെ ഉപയോഗം തുടരുന്നു. ലോകത്ത് ഉല്പാദിപ്പിക്കപ്പെടുന്ന പ്ലാസ്റ്റിക്കിന്റെ 79 ശതമാനവും മാലിന്യമായി ഭൂമിയിലേക്കു തന്നെ തിരികെയെത്തുന്നു. ഇന്ത്യയിൽ ഓരോ വർഷവും 33 ലക്ഷം മെട്രിക് ടൺ പ്ലാസ്റ്റിക് മാലിന്യം പുറന്തള്ളപ്പെടുന്നു എന്ന് കേന്ദ്രമലിനീകരണ ബോർഡിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. ഇന്ത്യയിലെ ഓരോ പൗരനും പ്രതിദിനം എട്ടു ഗ്രാം എന്ന കണക്കിൽ പ്ലാസ്റ്റിക് മാലിന്യം പുറന്തള്ളുന്നുവെന്ന് ചുരുക്കം.

പ്രകൃതി പലതരത്തിലും മലിനപ്പെടുകയാണ്. വായുമലിനീകരണം, ജലമലിനീകരണം, മണ്ണിന്റെ മലിനീകരണം മുതലായി പലതരത്തിലുള്ള അന്തരീക്ഷ മലിനീകരണം നാം ഇന്ന് നേരിടുന്നു. അതുപോലെ പ്ലാസ്റ്റിക്കിന്റെ ഉപയോഗവും മലിനീകരണവും കൂടി വരുന്നു. അതിന്റെ ഉദാഹരണമാണ് സുനാമി കഴിഞ്ഞ് കടൽതീരത്തടിഞ്ഞ പ്ലാസ്റ്റിക് വേസ്റ്റുകൾ. കടലും പുഴയും ജലാശയവുമെല്ലാം മലിനീകരിക്കപ്പെടുന്നു. പ്ലാസ്റ്റിക് ഉല്പ്പന്നങ്ങൾ ഒരിക്കലും ദ്രവിക്കാത്തതിനാൽ മണ്ണിന്റെയും മറ്റും നാശത്തിന് കാരണമാകുന്നു. മൃഗങ്ങളുടെ വംശനാശത്തിനും ഇത് ഇടയാക്കുന്നു. ഇരുവായ്ത്തലയുള്ള വാളാണ് പ്ലാസ്റ്റിക്; ഭൂമിയിലുപേക്ഷിച്ചാലും കത്തിച്ചു കളഞ്ഞാലും ഒരു

പോലെ ദോഷം. പ്ലാസ്റ്റിക് മാലിന്യം പൂർണ്ണമായി മണ്ണോട് ചേരാൻ ആയിരത്തിലധികം വർഷമെടുക്കുമെന്ന് ശാസ്ത്രമതം. ഓരോ വർഷവും 80 ലക്ഷം ടൺ പ്ലാസ്റ്റിക് കടലിലെത്തുന്നു. മനുഷ്യന്റെ പ്രവർത്തനങ്ങൾ പ്രകൃതിയെ എത്രമാത്രം ഭയാനകമായി ബാധിച്ചിരിക്കുന്നു എന്ന് നാം തിരിച്ചറിയണം.

പതിനഞ്ചു കൊല്ലംകൊണ്ട് പ്ലാസ്റ്റിക്മുക്തമായി മാറിയ 'റുവാൻഡ' എന്ന ആഫ്രിക്കൻ രാജ്യം ലോകത്തോട് വിളിച്ചു പറയുന്നത് നാം കേൾക്കണം. 1994-ൽ എട്ടു ലക്ഷത്തോളം പേരുടെ ജീവനെടുത്ത കൂട്ടക്കൊലയ്ക്കു ശേഷം തകർന്നടിഞ്ഞതായിരുന്നു ഈ രാജ്യം. പ്ലാസ്റ്റിക്കും ചപ്പുകൂനകളും രാജ്യത്ത് കുമിഞ്ഞുകൂടി. തുടർന്ന് സാമ്പത്തികമായും വൈകാരികമായും ഉള്ള തിരിച്ചുവരവിന് പരിസ്ഥിതിയിലൂന്നിയ വികസനം വേണമെന്ന അവിടുത്തെ സർക്കാരിന്റെ തിരിച്ചറിവാണ് പ്ലാസ്റ്റിക് നിരോധനയിടമായി റുവാൻഡയെ മാറ്റിയത്. ഘട്ടംഘട്ടമായി അവർ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തി. 2008-ൽ രാജ്യത്ത് പ്ലാസ്റ്റിക് ബാഗുകളുടെ ഇറക്കുമതിയും കയറ്റുമതിയും പൂർണ്ണമായി നിരോധിച്ചു. ലംഘിക്കുന്നവർക്ക് കനത്ത പിഴയേർപ്പെടുത്തി. പ്ലാസ്റ്റിക്കിനു പകരം പ്രകൃതിസൗഹൃദ ഉല്പന്നങ്ങളിലേക്ക് അവർ തിരിഞ്ഞു. തത്ഫലമായി ആ രാജ്യം വിനോദ സഞ്ചാരമേഖലയിലും മറ്റും കൈവരിച്ചനേട്ടം ലോകം ദർശിക്കുകയുണ്ടായി. റുവാൻഡയുടെ ഇത്തരത്തിലുള്ള പ്രവർത്തനത്തിലൂടെ അവർ പ്രകൃതിസംരക്ഷണം മാത്രമല്ല, രാജ്യത്തിലെ ജൈവവൈവിധ്യങ്ങളെയും സംരക്ഷിച്ചു എന്ന് ചരിത്രം സാക്ഷിക്കുന്നു.

ഈ കൊച്ചു രാജ്യം നമുക്ക് ഒരു മോഡൽ ആണെങ്കിലും റുവാൻഡയേക്കാൾ നൂറിരട്ടി വലിപ്പവും ജനസംഖ്യയുമുള്ള ഇന്ത്യ എന്ന മഹാരാജ്യത്തിന് ഈ പ്രശ്നം അത്ര വേഗം പരിഹരിക്കാൻ പ്രയാസമാണ്. "ഓരോ യാത്രയും ആരംഭിക്കുന്നത് ഒരു കാൽവയ്പ്പിലാണ്" എന്ന പഴമൊഴി നാം വിസ്മരിക്കരുത്. അതനുസരിച്ച് ശക്തമായ നിയമവും അതിന്റെ നടത്തിപ്പും കൂടിച്ചേർന്നാൽ നമുക്കും അത് സാധിക്കും. പക്ഷേ പലപ്പോഴും നടപ്പാക്കൽ ഘട്ടമെത്തുമ്പോൾ ഇവയെല്ലാം പാളിപ്പോകുന്നതായി കാണാം. 2018-ൽ സംസ്ഥാന സർക്കാർ പ്ലാസ്റ്റിക് നിരോധന ഉത്തരവ് ഇറക്കിയെങ്കിലും അത് പൂർണ്ണമായി നടപ്പാക്കാനായില്ല. ഇതു വിജയിക്കണമെങ്കിൽ പ്ലാസ്റ്റിക് നിരോധനം സർക്കാരിന്റെ മാത്രം ഉത്തരവാദിത്തമല്ലെന്ന് സമൂഹത്തിലെ ഓരോ വ്യക്തിയും തിരിച്ചറിയണം.

ഇവിടെയാണ് യുവതലമുറയുടെ ദൗത്യം. ഒരു നല്ല നാളെയെ സ്വപ്നം കാണുന്ന യുവതലമുറ പ്ലാസ്റ്റിക് ഉപയോഗത്തോട് വിടപറയാൻ സന്നദ്ധരാകണം. 2016-ൽ പ്ലാസ്റ്റിക് നിരോധന നിയമം പാസാക്കി അത് വിജയത്തിലെത്തിച്ച ഫ്രാൻസും, നിരോധനത്തെക്കാൾ പുനർചംക്രമണത്തിൽ ശ്രദ്ധ നൽകുന്ന സ്വീഡനും, ഉപഭോഗം കുറച്ച അയർലൻഡും നമുക്ക് മാർഗ്ഗദർശകരായുണ്ട്. പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ആവശ്യമാണ്. ദൈവം നൽകിയ വരദാനമായ ഈ സുന്ദരഭൂമിയെ നിലനിർത്തേണ്ടത് ഓരോരുത്തരുടെയും കടമയാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചതിനെ നാം സർവ്വാത്മനാ സ്വീകരിക്കണം. അതിനുള്ള മാറ്റം നമ്മുടെ ഭവനങ്ങളിൽനിന്ന് തുടങ്ങി സമൂഹത്തിലേക്ക് വ്യാപിപ്പിക്കാം. ഘട്ടംഘട്ടമായുള്ള പ്ലാസ്റ്റിക് നിരോധനം നമ്മുടെ ദൗത്യമായി സ്വീകരിച്ച് അതിന്റെ പൂർണ്ണവിജയത്തിനായി യുവതലമുറ കൈകോർക്കണം.

നിശ്ചയദാർഢ്യവും തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയുമുണ്ടെങ്കിൽ പ്ലാസ്റ്റിക് മാലിന്യം മൂലമുണ്ടാകുന്ന ഭീഷണിയെ മറികടക്കാൻ നമ്മുടെ രാജ്യത്തിന് സാധിക്കും. പ്രകൃതിയെ സംരക്ഷിക്കാൻ ഓരോരുത്തരും തയ്യാറാകുക. പ്ലാസ്റ്റിക് മുക്ത ഭാരതത്തിനായി നമുക്ക് പ്രവർത്തിക്കാം. അടുത്ത വർഷം നടപ്പാക്കുന്ന പ്ലാസ്റ്റിക് മാലിന്യമുക്ത ഭാരതപദ്ധതിക്കായി നമുക്ക് അണിചേരാം. ◎

പ്രവാചകന്മാർ–8

പ്രൊഫ. മാത്യു കോശി

യിസ്രായേൽ മക്കളുടെ അനിഷേധ്യനായകൻ – മോശെ എന്ന പ്രവാചകൻ (തുടർച്ച)



മിസ്രേമിൽ നിന്നുള്ള യാത്ര ആരംഭിക്കുന്നു

തിരുത്ത്

ഈ പരമ്പരയിൽ 2021 ഫെബ്രുവരി ലക്കത്തിലെ 17–ാം പേജിൽ ഒന്നാം ഖണ്ഡികയിൽ 'അബ്രാഹാമിന്റെ ഭാര്യ സാറ പ്രസവിച്ച നാലാമത്തെ മകനാണ് മിദ്യാൻ' എന്നെഴുതിയിരിക്കുന്നത്, **'അബ്രാഹാമിന്റെ മറ്റൊരു ഭാര്യ കെതൂറ പ്രസവിച്ച നാലാമത്തെ മകനാണ് മിദ്യാൻ'** എന്ന് തിരുത്തി വായിക്കേണ്ടതാണ്.

തെറ്റ് പറ്റിയതിൽ ഖേദിക്കുന്നു.

മോശെ മിദ്യാനിൽനിന്ന് തിരികെ മിസ്രയീമിലേക്ക് വരുന്നത് രാജകീയ പ്രൗഢിയോടെയല്ല; രാജകൊട്ടാരത്തിൽ നിന്ന് ജീവനെ ഭയന്ന് ഓടി മിദ്യാനിൽ ആട്ടിടയനായി നാല്പതുവർഷം ജീവിച്ച് ഇനി ഒരു തിരിച്ചുപോക്കില്ല എന്ന് ചിന്തിച്ചിരുന്ന മോശെ; സഹോദരങ്ങൾ മിര്യാമും അഹറോനും മിസ്രയീമിൽതന്നെ ഉണ്ട്. യഹോവ പറഞ്ഞത് "അഹറോൻ മോശെയ്ക്ക് തുണയായിരിക്കും" എന്നാണ്. മോശെയുടെയും അഹറോന്റെയും കൂടെ യഹോവ ഉണ്ടായിരിക്കും എന്ന ഉറപ്പ് ലഭിച്ചത് മോശെയ്ക്ക് തിരികെ വരുന്നതിന് വേണ്ട ശക്തി ഏകി. തന്റെ പത്നിയോടും രണ്ടു പുത്രന്മാരോടും കൂടി ഈജിപ്തിലേക്ക് മോശെ എത്തുകയാണ്. ജനം മോശയെ സ്വീകരിച്ച് വേണ്ട അംഗീകാരം നൽകി. അപ്പോഴത്തെ ഭരണാധികാരി മോശെയെ അറിയുന്ന ആളായിരുന്നില്ല.

മോശെയും അഹറോനും പ്രശ്നങ്ങൾ ഒന്നൊന്നായി നേരിടുകയാണ്. രണ്ടുപേരും കൂടി ചെന്ന് ഫറവോനോട് പറയുന്നത് യഹോവയ്ക്ക് യാഗം കഴിക്കുവാനായി യിസ്രായേൽജനത്തെ മൂന്നുദിവസത്തെ വഴി ദൂരമുള്ള മരുഭൂമിയിൽ അയയ്ക്കണം എന്നാണ്. ഫറവോൻ ഈ വാക്കുകൾക്ക് ചെവി കൊടുക്കുന്നില്ല. ജനങ്ങളുടെ വേല മുടക്കരുതെന്നും അവരെ മടിയന്മാരാക്കാൻ കൂട്ടു നിൽക്കരുതെന്നും ഫറവോൻ താക്കീത് നൽകുന്നു. അന്നുമുതൽ ഇഷ്ടികനിർമ്മാണത്തിന്റെ എണ്ണത്തിൽ കുറവു വരുത്തരുതെന്നും, ചുടുവാനുള്ള വൈക്കോൽ തനിയെ ശേഖരിക്കണമെന്നും മേൽനോട്ടക്കാർവഴി അറിയിക്കുന്നു.

ജനത്തെ മടിയന്മാരാക്കുവാനാണ് ആരാധനയ്ക്ക് അവരെ അയയ്ക്കണമെന്ന് അപേക്ഷിക്കുന്നതെന്നാണ് ഫറവോന്റെ പക്ഷം. ഫറവോന്റെ സന്നിധിയിൽ പ്രയാസങ്ങൾ പറഞ്ഞിട്ട് ഇറങ്ങിവരുന്ന യിസ്രയേല്യ മേൽവിചാരകർ വഴിയിൽ മോശെയെയും അഹറോനെയും കണ്ടുമുട്ടുന്നു. അവരുടെ പരിഭവം അവർ മോശെയെയും അഹറോനെയും ധരിപ്പിക്കുന്നു. മേൽവിചാരകരെ ഫറവോന്റെ മുമ്പാകെ നാണംകെടുത്തുവാനും കൊല്ലിക്കുവാനുമാണോ പദ്ധതി എന്ന ചോദ്യവും അവർ ഉന്നയിക്കുന്നു. ഇതുകേട്ട മോശെ യഹോവയോട് ചോദിക്കുന്നത്, എന്തിന് തന്നെ ഈ ജോലിക്കായി നിയോഗിച്ചു എന്നാണ്.

ദൈവം വളരെ വിശദമായി തന്റെ പദ്ധതി മോശെയെ അറിയിക്കുന്നു. അബ്രാഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം സർവ്വശക്തനാണ്, അവൻ നീട്ടിയിരിക്കുന്ന ഭുജം കൊണ്ടും മഹാശിക്ഷാവിധികൾ കൊണ്ടും യിസ്രായേൽമക്കളെ ഫറവോന്റെ അടിമത്തത്തിൽ നിന്നും വീണ്ടെടുക്കും എന്ന ഉറപ്പ് മോശെയ്ക്ക് ലഭിക്കുന്നു. എന്നാൽ മനോവ്യസനം കൊണ്ടും കഠിനമായ അടിമവേല കൊണ്ടും വലയുന്ന ജനം ഇതൊന്നും വിശ്വസിക്കുന്നതിന് തയ്യാറായില്ല.

ഫറവോന്റെ അടുക്കലേക്ക് മോശെയെയും അഹ റോനെയും ദൈവം വീണ്ടും അയയ്ക്കുകയാണ്. ധൈര്യത്തോടെ മോശെയും അഹറോനും രാജസന്നി ധിയിൽ എത്തി. ദൈവകല്പനപ്രകാരം ഫറവോ ന്റെയും അവന്റെ ഭൃത്യന്മാരുടെയും മുമ്പിൽ അഹ റോൻ തന്റെ വടി തറയിൽ ഇട്ടു. അത് സർപ്പമായി ത്തീർന്നു. പക്ഷേ ഫറവോന്റെ വിദ്വാന്മാർക്കും മന്ത്ര വാദികൾക്കും അതുപോലെ ചെയ്യുവാൻ സാധിച്ചു. എന്നാൽ അഹറോന്റെ വടി മറ്റെല്ലാ വടികളെയും വിഴുങ്ങിക്കളഞ്ഞു.

ആദ്യത്തെ ഒൻപത് ബാധകൾ

ഫറവോന്റെ ഹൃദയം കഠിനപ്പെട്ടിരുന്നതിനാൽ ദൈവം ഒന്നൊന്നായി ബാധകളെ അയച്ചു. ഓരോ ബാധ കഴിയുമ്പോഴും ഫറവോന്റെ ഹൃദയം മുമ്പില ത്തേതിലും കഠിനപ്പെട്ടു; അവൻ യിസ്രായേൽ ജനത്തെ വിട്ടയച്ചതും ഇല്ല. മോശെയ്ക്ക് പലപ്പോഴും നിരാശ തോന്നി. ബാധകൾ ഓരോന്നിനെക്കുറിച്ചും മോശെ ഫറവോന് മുന്നറിയിപ്പ് കൊടുക്കും. അവ ഓരോന്നായി സംഭവിക്കും. ചില ബാധകൾ ഉണ്ടാ കുന്ന സമയത്ത് ജനത്തെ ചില ഉപാധികളോടെ വിട്ട യക്കുവാൻ ഫറവോൻ തയ്യാറാകുന്നുണ്ട്. എന്നാൽ മോശെ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറായില്ല. ഫറ വോന്റെ ആവശ്യപ്രകാരം മോശെ പ്രാർത്ഥിക്കുമ്പോ ഴാണ് പല ബാധകളും മാറിക്കിട്ടുന്നത്.

ബാധകൾ ചുരുക്കമായി താഴെ കൊടുക്കുന്നു:

1. നദി, കുളം മുതലായ എല്ലാ ജലാശയങ്ങളുടെയും മേൽ അഹറോൻ വടി നീട്ടിയപ്പോൾ ജലം രക്തമായി മാറി. ജനം കഷ്ടത്തിലായി. മിസ്രയീമിലെ മന്ത്രവാ ദികളും അതുപോലെ ചെയ്തു. മോശെയെയും അഹ റോനെയും ശ്രദ്ധിക്കാതെ കഠിനഹൃദയത്തോടെ ഫറ വോൻ അരമനയിലേക്ക് മടങ്ങി.

2. അഹറോൻ വെള്ളങ്ങളിന്മേൽ വീണ്ടും കൈ നീട്ടി. അപ്പോൾ തവളകളെക്കൊണ്ട് ദേശം നിറഞ്ഞു. മന്ത്ര വാദികളും ഇതുപോലെ ചെയ്തു. ഫറവോന്റെ അഭ്യർത്ഥനപ്രകാരം മോശെയും അഹറോനും പ്രാർത്ഥിക്കുകയും ഈ ബാധ ജനത്തെ വിട്ടുമാറു കയും ചെയ്തു.

3. അഹറോൻ വടികൊണ്ട് നിലത്തിലെ പൊടിയെ അടിച്ചപ്പോൾ മനുഷ്യരുടെമേലും മൃഗങ്ങളുടെമേലും പേൻ നിറഞ്ഞു. എന്നാൽ മന്ത്രവാദികൾക്ക് ഇത് ചെയ്യുവാൻ കഴിഞ്ഞില്ല. ഇത് ദൈവത്തിന്റെ കൈയാൽ സംഭവിച്ചതാണ് എന്ന് മന്ത്രവാദികൾ ഫറ വോനോടു പറയുന്നു.

4. ഫറവോന്റെ മേലും ഭൃത്യന്മാരുടെമേലും ജനത്തി ന്മേലും ദൈവം നായീച്ചയെ അയച്ചു. യിസ്രായേൽ മക്കൾ താമസിക്കുന്ന ഗോശെൻദേശത്ത് ഈ ബാധ ഉണ്ടായില്ല. മിസ്രയീമിൽ വച്ചുതന്നെ യാഗം കഴിച്ചു കൊള്ളുവാൻ ജനത്തിന് ഫറവോൻ അനുവാദം കൊടുക്കുന്നു. മോശെയുടെ ആവശ്യം ഏറെക്കുറെ സമ്മതിക്കുന്ന ഫറവോൻ ബാധ വിട്ടുമാറിയപ്പോൾ തന്റെ വാക്കിൽനിന്ന് പിന്മാറുന്നതായി കാണാം.

5. മിസ്രയീമ്യരുടെ സകല മൃഗങ്ങളിന്മേലും കഠിന മായ വ്യാധി ഉണ്ടായി മൃഗങ്ങളെല്ലാം ചത്തുപോയി. യിസ്രായേൽമക്കളിൽ നിന്ന് ഈ ബാധ വിട്ടുനിന്നു. ജനത്തെ വിട്ടയയ്ക്കുവാൻ അപ്പോഴും ഫറവോൻ തയ്യാറാകുന്നില്ല.

6. അടുപ്പിലെ ചാരം എടുത്ത് മോശെ ഫറവോന്റെ മുമ്പാകെ ആകാശത്തേക്ക് വിതറി. മിസ്രയീംദേശ ത്തൊക്കെയും മനുഷ്യരുടെ മേലും മൃഗങ്ങളിന്മേലും പുണ്ണായി പൊങ്ങുന്ന പരുവായിത്തീർന്നു. അപ്പോഴും ഫറവോൻ വഴങ്ങിയില്ല.

